# KERALA POLICE INFORMATION CENTRE

No.05/PR/PIC/PHQ/10 Date : 07/01/10

## അനധികൃത പണമിടപാടുകാർക്കെതിരെ പൊതുജനങ്ങൾ ജാഗ്രത പാലിക്കണം

അംഗീകൃതവും അല്ലാത്തതുമായ സ്ഥാപനങ്ങളും വ്യക്തികളും പണം കടംകൊടുക്കൽ രംഗത്ത് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇവരുടെ പ്രവർത്തനം പലപ്പോഴും ചട്ടങ്ങൾക്കും, നിയമങ്ങൾക്കും വിരുദ്ധമായിട്ടുള്ളതാണ്. വട്ടിപലിശ, മീറ്റർ വട്ടി എന്നിങ്ങനെയുള്ള പലപേരുകളിൽ അറിയപ്പെടുന്ന പണം ഇടപാടുകളാണ് ഇവർ നടത്തി വരുന്നത്. അമിതമായ പലിശയാണ് കടം വാങ്ങുന്നവരിൽ നിന്ന് ഇവർ ഈടാക്കുന്നത് . ഇത് കൂടാതെ വായ്പാ തുകയും പലിശയും തിരിച്ച് പിടിക്കുന്നതിനായി ഇക്കൂട്ടർ ക്രിമിനൽ സ്വഭാവമുള്ള കുറ്റങ്ങളിൽ വരെ ഏർപ്പെടുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. വായ്പ എടുത്തിട്ടുള്ളവരെ മാനസികമായും ശാരീരികമായും പീഡിപ്പിക്കുക വഴി ആത്മഹത്യയിലേയ്ക്കും കൊലപാതകത്തിലേയ്ക്കും വരെ എത്തുന്ന സാഹചര്യം ചിലപ്പോഴെങ്കിലും നടന്നിട്ടുണ്ട്. ഇത്തരത്തിലുള്ള നിയമവിരുദ്ധ നടപടികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പണം വായ്പ എടുക്കുന്നവരെ കടക്കെണിയിൽ കുരുക്കുന്നതിനും, അവരിൽ നിന്ന് വൻതുകകൾ ഈടാക്കുന്നതിനും, അവരുടെ വസ്തു വകകൾ കൈവശപ്പെടുത്തുന്നതിനും പണമിടപാടുകാർ വിവിധ തന്ത്രങ്ങളാണ് സ്വീകരിക്കുന്നത്. ബ്ലാങ്ക് ചെക്കുകൾ/പേപ്പറുകൾ, ആധാരം, മറ്റ് ഉടമസ്ഥ രേഖകൾ ഇവ സെക്യൂരിറ്റിയായി അവർ കൈക്കലാക്കുന്നു. ഇത് കൂടാതെ മതിയായ വില നൽകാതെ തന്നെ വസ്തു വകകൾ വിലയാധാരം ചെയ്തതായി ആധാരം രജിസ്റ്റർ ചെയ്യാറുണ്ട്. ഇത്തരം രേഖകൾ ഉപയോഗിച്ച് കടം വാങ്ങിയ ആളിൽ നിന്ന് പണം ഈടാക്കുന്നതിനും, വസ്തു വകകൾ കൈക്കലാക്കുന്നതിനും ഇവർ നിയമനടപടികൾ വരെ സ്വീകരിച്ചു വരുന്നു. ഇത്തരക്കാർക്കെതിരെ ജാഗ്രത പാലിക്കണം. ഏതെങ്കിലും തരത്തിലുള്ള പീഡനമുണ്ടായാൽ പോലീസിനെ അറിയിക്കുന്നതിന് മടി കാണിക്കരുത്. താഴെപറയുന്ന കുറ്റകൃത്യങ്ങൾ സംബന്ധിച്ച് പോലീസിൽ പരാതി നൽകാവുന്നതാണ്.

1. ലൈസൻസ് കൂടാതെയോ ലൈസൻസിലെ നിബന്ധനകൾ ലംഘിച്ചുകൊണ്ടോ പണം കടം കൊടുക്കൽ.
2. വാണിജ്യ ബാങ്കുകൾ ഈടാക്കുന്ന പരമാവധി പലിശയിൽ നിന്നും 2 ശതമാനത്തിലധികം പലിശ ഈടാക്കൽ.
3. പണം കടം കൊടുക്കുന്ന ആളിന്റെ പേര് പ്രദർശിപ്പിക്കാതെ (പ്രാദേശിക ഭാഷകളിൽ) പണം കടം കൊടുക്കൽ.

The contents of this document may be deemed to be based on received information which is subject to further verification

4. പണം കടം വാങ്ങുന്ന ആളിനെയോ, കുടുംബത്തെയോ, തടയുകയോ ആക്രമിക്കുകയോ, ഭീഷണിപ്പെടുത്തുകയോ, അയാളുടെ വസ്തുക്കൾ അപഹരിക്കുകയോ ചെയ്യുക.

5. ഒപ്പിട്ട ബ്ലാങ്ക് ചെക്കുകൾ/പേപ്പറുകൾ/വിൽപ്പന ചീട്ടുകൾ എന്നിവ ഉപയോഗിച്ച് പണം തിരിച്ച് അടയ്ക്കുന്നതിന് നിർബന്ധിക്കുക.

6. പണം കടം വാങ്ങിയ ആളിന് പണവും പലിശയും നൽകാൻ കഴിവില്ല എന്നറിഞ്ഞുകൊണ്ട് ബ്ലാങ്ക് ചെക്കുകൾ, രേഖകൾ എന്നിവ വാങ്ങിയ ശേഷം പിന്നീട് ചെക്കുകൾ സ്വന്തം ഇഷ്ടപ്രകാരം പൂരിപ്പിച്ച് ഗൂഢമായ ലക്ഷ്യത്തോടെ പണം കൈക്കലാക്കൽ.

7. വായ്പ എടുക്കുന്ന വ്യക്തി തരുന്ന ബ്ലാങ്ക് ചെക്കുകൾ/പ്രമാണങ്ങൾ എന്നിവ അയാളുടെ സമ്മതമില്ലാതെ പണം നൽകുന്ന വ്യക്തി മറ്റൊരു കാര്യത്തിനായി സ്വന്തമായി ഉപയോഗിക്കുകയോ അല്ലെങ്കിൽ ആ രേഖകളിൽ കൃത്രിമം കാണിക്കുകയോ ചെയ്യുക.

8. പണം വാങ്ങിയ വ്യക്തിയെ വഞ്ചിക്കുന്നതിനായി അയാൾ നൽകിയ രേഖകളിൽ യഥാർത്ഥത്തിൽ വാങ്ങിയ തുകയേക്കാൾ വളരെ വലിയ തുക എഴുതി ചേർക്കുക.

9. പണം തിരികെ കൊടുക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ പണം വാങ്ങിയ ആൾ നൽകിയ രേഖകൾ ഉപയോഗിച്ച് ഭീഷണിപ്പെടുത്തി പണം കൈക്കലാക്കുക.

10. കടം വാങ്ങിയ ആളിന്റെ സമ്മതമില്ലാതെ അക്രമം കാട്ടി അയാളുടെ ജംഗമവസ്തുക്കളായ വിലപിടിപ്പുള്ള രേഖകൾ, ഇലക്ട്രോണിക് സാധനങ്ങൾ, വാഹനങ്ങൾ എന്നിവ അപഹരിച്ചു കൊണ്ടുപോകുക.

മേൽപറഞ്ഞ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടതായി പരാതി ലഭിക്കുകയാണെങ്കിൽ ‘മണിലെൻഡേഴ്സ് ആക്ട്’ അനുസരിച്ചുള്ള നിയമലംഘനത്തിന് നടപടികൾ സ്വീകരിക്കുന്നതിന് പുറമെ ഇത്തരക്കാർക്കെതിരെ ക്രിമിനൽ കേസുകൾ എടുത്ത് നടപടികൾ സ്വീകരിക്കുന്നതിനും കഴിയുന്നതാണ്. പണമിടപാടുകാരുടെ ചതിയിൽ പെടാതിരിക്കുന്നതിനും അവരിൽ നിന്നുള്ള പീഡനങ്ങൾക്കെതിരെ നിയമ സഹായം തേടുന്നതിനും എല്ലാ ജനങ്ങളും മുന്നോട്ട് വരേണ്ടതാണ്.

ഇതുസംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ അടങ്ങുന്ന സർക്കുലർ പോലീസ് ഡയറക്ടർ ജനറൽ പുറപ്പെടുവിച്ചിട്ടുണ്ട്. അത് കേരളാ പോലീസിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. (www.keralapolice.org).